ജി4 - 41846/2016/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 18.11.2016

## <u>സർക്കുലർ</u>

**<u>ഹരിത കേരള മിഷൻ</u>** - 2016, ഡിസംബർ 8-ാം തീയതി (വ്യാഴാഴ്ച) സംസ്ഥാന വ്യാപകമായി ഹരിത കേരള മിഷൻ ആരംഭിക്കുന്നതിന് കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടെയും സഹകരണത്തോടുകൂടി മാത്രമേ ഹരിത കേരള മിഷൻ വിജയകരമായി നടത്തുവാൻ കഴിയുകയുള്ളു. ഹരിത കേരള മിഷന്റെ വിജയകരമായ നടത്തിപ്പിന് എല്ലാ കോളേജുകളിലേയും പ്രിൻസിപ്പാൾമാരുടെ മേൽ നോട്ടത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്യേണ്ടതാണ്.

1. കോളേജ് ക്യാമ്പസുകൾ വൃത്തിയാക്കൽ (ക്യാമ്പസിനകവും പുറവും)
2. ഫല വൃക്ഷത്തൈകൾ നടുക - (ഇതിനാവശ്യമായ ഫലവൃക്ഷത്തൈകൾ സാമൂഹ്യ വനവത്കരണ പദ്ധതിയിലൂടെയോ/കൃഷി വകുപ്പിൽ നിന്നോ/ കാർഷിക കോളേജിൽ നിന്നോ മറ്റു സംവിധാനത്തിലൂടെയോ വകുപ്പു മേധാവികൾ ശേഖരിക്കേണ്ടതാണ്).
3. ജലസംരക്ഷണ പദ്ധതികൾ സംബന്ധിച്ച ബോധവത്കരണ പരിപാടികൾ (മഴവെള്ള സംഭരണി മുതലായവ).
4. പൊതു സ്ഥലങ്ങളിലെ മാലിന്യ സംസ്കരണത്തിൽ പങ്കു ചേരുക (മാർക്കറ്റ്/ ആശുപത്രികൾ, മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾ, പൊതു ഉദ്യാനങ്ങൾ, മൈതാനങ്ങൾ തുടങ്ങിയവ)
5. ജലസ്രോതസുകൾ ശുദ്ധീകരിക്കുക/വൃത്തിയാക്കുക.
6. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും നേതൃത്വം നൽകുകയും ചെയ്യുക.
7. അഴുക്കുചാൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക
8. സർക്കാരിന്റെ വിവിധ ഏജൻസികളുടെ ഹരിത കേരള പരിപാടികളിൽ പങ്കെടുക്കുക.

എല്ലാ വിദ്യാർത്ഥികളേയും ഈ ഉദ്യമത്തിൽ പങ്കാളികളാക്കേണ്ടതാണ്. ഡിസംബർ 8-ാം തീയതിയിൽ ചെയ്യുന്ന മേൽ പ്രവൃത്തികൾ Extra Curricular Activities ആയി കണക്കാക്കേണ്ടതും എന്നാൽ അന്നേ ദിവസം കോളേജുകളിൽ അവധി ദിനമായിരിക്കുകയില്ല.

010190

GOVERNMENT OF KERALA 2015 16

NCC, NSS തുടങ്ങിയവയിലെ അംഗങ്ങൾ എല്ലാവരും മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്.

2016, ഡിസംബർ 5 മുതൽ 8 വരെ എല്ലാ ദിവസവും ശുചിത്വമിഷൻ, ഹരിത കേരളം മുതലായ പദ്ധതികൾ സംബന്ധിച്ച സന്ദേശങ്ങൾ, അസംബ്ലിയിൽ ഒരു വിഷയമായി ചർച്ച ചെയ്യേണ്ടതും ഇതു സംബന്ധിച്ച പ്രതിജ്ഞ ചൊല്ലേണ്ടതും ഇക്കാര്യം പ്രിൻസിപ്പാൾമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ വകുപ്പ്

പകർപ്പ്:

1. പ്രിൻസിപ്പൽ സെക്രട്ടറി (ഉന്നത വിദ്യാഭ്യാസ വകുപ്പ്) (with C/L)
2. എല്ലാ കോളേജ് പ്രിൻസിപ്പാൾമാർക്കും
3. വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്

എസ്.ആർ/25.112016

010190 GOVERNMENT OF KERALA 2015-16